File No.SJD/4215/2021-C1

സാമൂഹ്യനീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ
(ഹാജർ: എം അഞ്ജന ഐ.എ.എസ് )

ഉത്തരവ് നം. എസ്ജെഡി/4215/2021-സി1

തിരുവനന്തപുരം,
തീയതി. 22/11/2021

---

വിഷയം: സാ.നീ.വ. – പ്രൊബേഷൻ & ആഫ്റ്റർ കെയർ സർവ്വീസസ് – പ്രൊബേഷൻ ഓഫീസ്, പാലക്കാട് – നേർവഴി പദ്ധതി 2021-22 – ജയിൽ അന്തേവാസികൾക്കുള്ള നിയമ ബോധന – വ്യക്തിത്വ വികസന പരിശീലന പരിപാടി – പ്രൊപ്പോസൽ അംഗീകരിച്ച് ഉത്തരവാകുന്നു.

പരാമർശം : 1. സ.ഉ.(സാധാ)നം. 541/2021/SJD തീയതി :05/08/2021

2. സാ.നീ.ഡയറക്ടറുടെ16/09/20121- ലെ എസ്ജെഡി /689/2021-സി1 നം. കത്ത്.

3. പാലക്കാട് ജില്ലാ പ്രൊബേഷൻ ഓഫീസറുടെ 07/10/2021 - ലെ ഡി.പി.ഒ/ പി.കെ.ഡി-324/21 നം. പ്രൊപ്പോസൽ.

വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന സാമൂഹ്യ പ്രതിരോധ നിയമമായ probation of offenders Act 1958 കൂടുതൽ കാര്യക്ഷമമായും ആധുനികവൽക്കരിച്ചും നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആവിഷ്കരിച്ച നേർവഴി പദ്ധതി 2021-22 സാമ്പത്തിക വർഷം തുടരുന്നതിന് അനുമതി നൽകിയും, ആയതിലേക്ക് 1 കോടി 7 ലക്ഷം രൂപ ഫണ്ട് അനുവദിച്ചും പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. നേർവഴി പദ്ധതി പ്രധാനമായും ലക്ഷ്യം വയ്ക്കുന്നത് 18-25 വയസ്സിനിടയിൽ പ്രായമുള്ള കുറ്റകൃത്യത്തിൽപ്പെട്ടവരിൽ സൈക്കോ സോഷ്യൽ ഇൻറർവെൻഷൻ നടത്തി പുനരുദ്ധരിക്കുന്നതിനും വീണ്ടും കുറ്റകൃത്യത്തിൽ ഏർപ്പെടുന്നതിനുള്ള പ്രവണത ഇല്ലാതാക്കുന്നതിനുമാണ്. ആയതിലേക്കുള്ള ഒരു പ്രവർത്തനമെന്ന നിലയിൽ ടി ഉത്തരവിലെ കംപോണന്റ് നം. 16 Programme for Beneficiaries including Literary Camps, IEC Board making, IEC Materials etc ഇനത്തിൽ 5,00,000/- രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിൻറെ അടിസ്ഥാനത്തിൽ സംസ്ഥാനത്തുള്ള ജയിലുകളിൽ ജയിൽ അധികൃതരുമായി സഹകരിച്ച നിയമ അവബോധ - വ്യക്തിത്വ വികസന പരിപാടികൾ നടത്തുന്നതിനുള്ള പ്രൊപോസൽ സമർപ്പിക്കുന്നതിനു

പരാമർശം (2 ) പ്രകാരം നിർദ്ദേശം നൽകിയതനുസരിച്ച പാലക്കാട് ജില്ലാ പ്രൊബേഷൻ ഓഫീസർ ടി ജില്ലയിലെ 4 ജയിലുകളിൽ പ്രസ്തുത പരിപാടി സംഘടിപ്പിക്കുന്നതിനുള്ള പ്രൊപോസൽ പരാമർശം (3 ) പ്രകാരംസമർപ്പിച്ചിട്ടുണ്ട് .

ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

## പദ്ധതി ലക്ഷ്യങ്ങൾ

സമൂഹത്തിന്റെ സൈ്വര്യവും, സ്വച്ഛന്ദവുമായ നിലനിൽപ്പിന് കുറ്റകൃത്യമില്ലാത്ത സാമൂഹ്യ അവസ്ഥ സംജാതമാകേണ്ടത് ആവശ്യമാണ്. സാമൂഹികവും, സാമ്പത്തികവും, വിദ്യാഭ്യാസപരവുമായ ഒട്ടനവധി കാരണങ്ങൾ ഒരു വ്യക്തിയെ കുറ്റവാളിയാക്കിത്തീർക്കുന്നതിന് പ്രേരകമായ ഘടകങ്ങളാണ്. ഒരു പരിധിവരെ കുറ്റവാളികളെ സൃഷ്ടിക്കുന്നത് സമൂഹം തന്നെയാണ് . ഇതിനുപുറമെ നിയമങ്ങളെ സംബന്ധിച്ച അജ്ഞതയും ഒരു പ്രധാന ഘടകമാണ് . യുവാക്കളിൽ കുറ്റകൃത്യങ്ങളുടെ തോത് കുറച്ച് ഉത്തരവാദിത്വ ബോധമുള്ളവരാക്കി മാറ്റി സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിനുള്ള നേർവഴി പദ്ധതിയുടെ വിവിധ പ്രവർത്തനങ്ങളുടെ ഭാഗമായി കുറ്റവാളികളിൽ വ്യക്തിത്വ വികസനവും പ്രധാന നിയമങ്ങളെക്കുറിച്ച് പ്രത്യേകിച്ച് പ്രൊബേഷൻ ഓഫ് ഒഫന്റേഴ്സ് ആക്റ്റിനെക്കുറിച്ച് അറിവ് സംജാതമാക്കുക എന്നതാണ് ജയിൽ അന്തേവാസികൾക്ക് നൽകുന്ന നിയമ ബോധന – വ്യക്തിത്വ വികസന പരിശീലന പരിപാടി കൊണ്ട് ലക്ഷ്യമാക്കുന്നത്.

## നിർവ്വഹണം

പാലക്കാട് ജില്ലയിലുള്ള നാല് ജയിലുകളിലും കഴിയുന്നത് പ്രധാനമായും റിമാൻഡ് പ്രതികളാണ്. നിയമ പരിജ്ഞാനമുള്ളവരേയും വ്യക്തിത്വ വികസന പരിപാടികൾ നടത്തുന്നതിന് പ്രാവീണ്യം നേടിയവരേയും ഉൾപ്പെട്ടുത്തി നാല് ജയിലുകളിലും അർദ്ധദിന സെമിനാർ നടത്തുന്നു.

## ഗുണഭോക്താക്കൾ

പാലക്കാട് ജില്ലയിലെ നാല് ജയിലുകളിലുമുള്ള 18 നും 30 നും ഇടയിൽ പ്രായമുള്ള കുറ്റകത്യത്തിൽപ്പെട്ടവരും കുറ്റാരോപിതരുമായവർ.

## ധനകാര്യ വിശകലനം

| | | |
|---|---|---|
| ബാനർ | – | 4 x 1500 = 6,000/- |
| റിസോഴ്സ് പേഴ്സണർമാർക്കുള്ള ഹോണറേറിയം | – | 4 x 2 x 1500 = 12,000/- |

<u>ആകെ = 18,000/-</u>

<u>നേട്ടങ്ങൾ</u>

1. യുവ കുറ്റവാളികളിൽ നിയമ ബോധനവും നല്ല ജീവിതവീക്ഷണവും സൃഷ്ടിക്കുന്നു.

2. വീണ്ടും കുറ്റകൃത്യം ചെയ്യാനുള്ള പ്രവണത ഒഴിവാക്കുന്നതിനും സമൂഹം അംഗീകരിക്കുന്ന വ്യക്തിയായി ജീവിക്കുന്നതിനുമുള്ള അവസരം സൃഷ്ടിക്കുന്നു.

3. വ്യക്തിത്വ വികസനം സാധ്യമാകുന്നു.

മേൽ പ്രൊപ്പോസൽ തടവുകാരിൽ പ്രധാനപ്പെട്ട നിയമങ്ങളെക്കുറിച്ചും, പ്രത്യേകിച്ച് പ്രൊബേഷൻ ഓഫ് ഒഫെൻഡേഴ്സ് ആക്ടിനെക്കുറിച്ചും അവ ലംഘിക്കുന്നത് മൂലമുള്ള ശിക്ഷകളെക്കുറിച്ചും അവബോധം സൃഷ്ടിക്കുന്നതിനും ജീവിതത്തെക്കുറിച്ച് ലക്ഷ്യ ബോധം ഉണ്ടാക്കുന്നതിനും സാധിക്കുമെന്നതിനാൽ ടി പ്രോജക്റ്റ് അംഗീകരിക്കുന്നു.

മേൽ സാഹചര്യത്തിൽ നേർവഴി പദ്ധതിയുടെ ഭാഗമായി പാലക്കാട് ജില്ലയിലെ നാല് ജയിലുകളിലുള്ള ജയിൽ അന്തേവാസികൾക്കുള്ള നിയമ ബോധന - വ്യക്തിത്വ വികസന പരിശീലന പരിപാടി സംഘടിപ്പിക്കുന്നതിനായി പാലക്കാട് ജില്ലാ പ്രൊബേഷൻ ഓഫീസർ സമർപ്പിച്ച പ്രൊപ്പോസൽ അംഗീകരിച്ചും ഇതിലേയ്ക്കാവശ്യമായ **18,000/- രൂപ ( പതിനെണ്ണായിരം രൂപാ മാത്രം)** നേർവഴി പദ്ധതിയിലെ കംപോണന്റ് നം. 16 -ൽ (Programme for Beneficiaries including Literary Camps, IEC Board making, IEC Materials etc) വകയിരുത്തിയിട്ടുള്ള **5,00,000/-** രൂപയിൽ നിന്നും പാലക്കാട് ജില്ലാ പ്രൊബേഷൻ ഓഫീസറുടെ പേരിൽ അനുവദിച്ചും ഉത്തരവാകുന്നു. ടി പരിപാടി സംഘടിപ്പിച്ചതിനു ശേഷം വിശദമായ റിപ്പോർട്ടും, ധനവിനിയോഗ സാക്ഷ്യപത്രവും പാലക്കാട് ജില്ലാ പ്രൊബേഷൻ ഓഫീസർ യഥാസമയം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

M. ANJANA IAS
സാമൂഹ്യനീതി ഡയറക്ടർ

ജില്ലാ പ്രൊബേഷൻ ഓഫീസർ, പാലക്കാട്

<u>പകർപ്പ് :</u>

1. ജില്ലാ സാമൂഹ്യനീതി ഓഫീസർ, പാലക്കാട്
2. സൂപ്രണ്ട്, എ/പ്ലാനിംഗ് സെക്ഷൻ
3. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം